# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 565 08.08.2017- ൽ മറുപടിക്ക്**

### കൈത്തറിമേഖലയെ സംരക്ഷിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ.രാമചന്ദ്രൻ | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) കൈത്തറിമേഖലയെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ; | (എ) പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിനും പുന:രുജ്ജീവിപ്പിക്കുന്നതിനും നിരവധി പദ്ധതികൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.<br><br>കൈത്തറിയുടെ ഉൽപാദനവും, വിപണനവും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി, നെയ്ത്തുകാർക്ക് വിദഗ്ധ പരിശീലനം നടത്തുന്നതിനുള്ള പദ്ധതി, നെയ്ത്തുകാർക്കും മറ്റ് അനുബന്ധതൊഴിലാളികൾക്കുമുള്ള പ്രോത്സാഹനസഹായ പദ്ധതി, കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യ വർദ്ധിത ഉൽപന്നങ്ങളുടെ പ്രോത്സാഹനത്തിനുമുള്ള പദ്ധതി, വിപണന കയറ്റുമതി പ്രോത്സാഹന പദ്ധതി തുടങ്ങിയവ ഇതിൽപ്പെടുന്നു.<br><br>ഈ പദ്ധതികൾക്ക് പുറമെ പ്രതിസന്ധി നേരിടുന്ന കൈത്തറിവ്യവസായത്തെ പുന:രുജ്ജീവിപ്പിക്കുവാൻ വേണ്ടി സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ 1 മുതൽ 5 വരെയുള്ള ക്ലാസ്സുകളിലെ മുഴുവൻ വിദ്യാർത്ഥികൾക്ക് 2 ജോഡി കൈത്തറി യൂണിഫോം സൗജന്യമായി നൽകുന്ന പുതിയൊരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി. ഇതിന് ആവശ്യമായ തുണി വിവിധ ജില്ലകളിലെ കൈത്തറി സംഘങ്ങളിൽ നെയ്ത് തയ്യാറാക്കി. ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്ക് സൗജന്യമായി യൂണിഫോം നൽകുക എന്നതിനു പുറമേ കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ നൽകാനും അവരുടെ വേതനം വർദ്ധിപ്പിക്കാനും സാധിച്ചു. വരും വർഷങ്ങളിൽ പദ്ധതി, കൂടുതൽ വിദ്യാർത്ഥികൾക്ക് യൂണിഫോം നൽകുന്ന രീതിയിൽ വ്യാപിപ്പിക്കാനും അതുവഴി കൈത്തറി തൊഴിലാളികൾക്ക് തൊഴിൽ സ്ഥിരതയും ന്യായമായ വേതനവും ഉറപ്പാക്കാനും കഴിയുന്നതാണ്. |

| | |
|---|---|
| (ബി) പൂട്ടിക്കിടക്കുന്ന കൈത്തറി സഹകരണ സംഘങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വിശദീകരിക്കുമോ; | (ബി) ലാഭകരമാക്കി പ്രവർത്തിപ്പിക്കുന്നതിന് സാധ്യതയുള്ള ഫാക്ടറി ടൈപ്പ് കൈത്തറി സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കാനായി വിവിധ ഘടകങ്ങളിലായി പരമാവധി താഴെപറയുന്ന വിധത്തിൽ സർക്കാർ ധനസഹായം നൽകുന്നു. |

| | | |
|---|---|---|
| 1 | പ്രവർത്തന മൂലധനം | പരമാവധി 5 ലക്ഷം (10000 രൂപ/തറി) |
| 2 | ഇ.എസ്.ഐ/ ഇ.പി.എഫ് കുടിശ്ശിക തീർക്കാൻ | പരമാവധി 5 ലക്ഷം |
| 3 | കെട്ടിട നവീകരണം | 3 ലക്ഷം അല്ലെങ്കിൽ എസ്റ്റിമേറ്റഡ് കോസ്റ്റിന്റെ 90% (ഏതാണോ കുറവ്) |
| 4 | ഉൽപന്ന വൈവിദ്ധ്യവൽക്കരണം | 1 ലക്ഷം പരമാവധി (20,000/- പുതിയ ഡിസൈൻ ഉൽപാദിപ്പിക്കാൻ) |

| | |
|---|---|
| (സി) ഓണക്കാലത്ത് കൈത്തറി വസ്ത്രങ്ങൾക്ക് അനുവദിച്ചിട്ടുള്ള റിബേറ്റ്, സംഘങ്ങൾക്ക് ഗവൺമെന്റ് നേരിട്ട് നൽകുമോ; വിശദമാക്കുമോ? | (സി) ഓണക്കാലത്ത് കൈത്തറി വസ്ത്രങ്ങളുടെ വിൽപനയ്ക്ക് 13.08.2017 മുതൽ 03.09.2017 വരെ 22 ദിവസത്തേക്കാണ് സർക്കാർ റിബേറ്റ് അനുവദിച്ചിട്ടുള്ളത്. തുക അർഹതയുള്ള സംഘങ്ങൾക്ക് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ ശുപാർശയിന്മേൽ കൈത്തറി & ടെക്സ്റ്റൈൽസ് ഡയറക്ടേറ്റിൽ നിന്നും അനുവദിക്കുകയും അതാത് ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി അർഹതപ്പെട്ട സംഘങ്ങൾക്ക് നൽകുകയുമാണ് ചെയ്തു വരുന്നത്. |

സെക്ഷൻ ഓഫീസർ